GE-DA2/141/2024-G.EDN

**"ഭരണഭാഷ-**
**മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീ അഖിൽ വിജയ്, മുൻ ക്ലർക്ക്, ജി.വി.എച്ച്.എസ്.എസ്.,ആര്യാട്-ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1071/2025 ലെ വിധിന്യായം -പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3703/2026/GEDN   തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.10.2024 ലെ ഡിജിഇ/9964/2024-വിഎ4 നം ഉത്തരവ്
2. ശ്രീ അഖിൽ വിജയ് സമർപ്പിച്ച 29.11.2024 ലെ അപ്പീൽ അപേക്ഷ
3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ.എ 1071/2025-ന്മേൽ പുറപ്പെടുവിച്ച 19.06.2025 ലെ വിധിന്യായം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.11.2025 ലെ ഡിജിഇ/9964/2024-വിഎ4 നം കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ആര്യാട് വി.എച്ച്.എസ്.എസ്-ൽ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അഖിൽ വിജയനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ ആരംഭിച്ച അച്ചടക്കനടപടി പരാമർശം (1) പ്രകാരം 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (VII) പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്ത് തീർപ്പാക്കിയിരുന്നു. പരാമർശം (1) ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സർക്കാർ മുൻപാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ തീർപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ നം. 1071/2025 ഫയൽ ചെയ്യുകയും പരാമർശം(3) പ്രകാരം ടി വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം ടിയാൻ സർക്കാരിൽ സമർപ്പിച്ച അനുബന്ധം എ13 അപേക്ഷയിന്മേൽ അപേക്ഷകനെ നേരിൽ കേട്ട ശേഷം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. മേൽ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പിലെ അണ്ടർ സെക്രട്ടറി 30.12.2025-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, ആലപ്പുഴ വിദ്യാഭ്യാസ ഉപ ഡയറക്ടർ എന്നിവരുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

2. <u>ശ്രീ അഖിൽ വിജയന്റെ വാദഗതികൾ</u>

i. ആലപ്പുഴ ജില്ലയിലെ അരീപ്പറമ്പ് ഗവ. എച്ച്.എസ്.എസ്.-ൽ ക്ലർക്ക് ആയി ജോലി ചെയ്തു വരവെ **09.03.2016**-ലെ **V4/14319/2016/DPI** നമ്പർ ഉത്തരവിൻ പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. താൻ ചേർത്തല, പൂച്ചാക്കൽ സ്റ്റേഷൻ പരിധിയിൽ **2007** കാലഘട്ടം മുതൽ സാധാരണ ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് ഹാനി വരത്തക്കവിധം മറ്റു സാമൂഹ്യ വിരുദ്ധരായ കൂട്ടാളികളുമായി ചേർന്ന് നിരവധി അക്രമ സംഭവങ്ങൾ നടത്തി വരികയാണെന്ന് ചേർത്തല പോലീസ് ഇൻസ്പെക്ടർ ശ്രീ.വി.എസ്. നവാസ് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും താൻ **18.02.2016**-ാം തീയതി ചേർത്തല പള്ളിപ്പുറം പഞ്ചായത്ത് **4**-ാം വാർഡിൽ തച്ചാറയിൽ ഗോപാലകൃഷ്ണപിള്ളയുടെ മകൻ ഗോപകുമാറിന്റെ വീട്ടിൽ നിയമവിരുദ്ധമായി പ്രവേശിച്ച് ടിയാന്റെ വീടും വീട്ടുപകരണങ്ങളും തല്ലിത്തകർത്ത് ടിയാന്റെ വൃദ്ധ മാതാപിതാക്കളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ സംഭവത്തിൽ ചേർത്തല പോലീസ് സ്റ്റേഷൻ ക്രൈം നം. **469/16** വകുപ്പ് **143, 147, 148, 149, 452, 506(11), 427** ഐപിസി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായും, **17.02.2016**-ാം തീയതി ചേർത്തല പള്ളിപ്പുറം പഞ്ചായത്ത് **6**-ാം വാർഡിൽ ചക്കനാട്ടു കോളനിയിൽ രാജപ്പൻ മകൻ കുഞ്ഞുമണിയുടെ വീട്ടിൽ നിയമവിരുദ്ധമായി പ്രവേശിച്ച് ടിയാൻ്റെ വീടും വീട്ടുപകരണങ്ങളും തല്ലിത്തകർത്ത് ടിയാന് **90,000/-** രൂപയുടെ നാശനഷ്ടം വരുത്തിയിട്ടുള്ളതിനാൽ ചേർത്തല പോലീസ് സ്റ്റേഷനിൽ ക്രൈം നം. **471/16** വകുപ്പ്, **143, 147, 148, 149, 452, 427** ഐപിസി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായും ഇത്രയധികം ക്രിമിനൽ കേസ്സുകളിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ പ്രതിയാകുന്നത് സംസ്ഥാനത്തു തന്നെ ഇത് ആദ്യമാണെന്നുള്ളതും, സർക്കാരിനെക്കുറിച്ചും വിശിഷ്യാ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചു തന്നെയും സമൂഹത്തിലും, പ്രത്യേകിച്ചും പുതുതലമുറക്കാർക്കിടയിലും ദൗർഭാഗ്യകരമായ ഒരു പ്രതിഫലനം ചെലുത്തുമെന്നുള്ളതിനാൽ തനിയ്ക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കണമെന്നും ചേർത്തല പോലീസ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു എന്നുള്ള ആരോപണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തനിയ്ക്ക് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ) & വിജിലൻസ് ഓഫീസറുടെ **16.06.2016**-ലെ വി**4/4819/2016**/ഡി.പി.ഐ. നമ്പർ ചാർജ്ജ് മെമ്മോ നൽകുകയും ആയതിന് ആരോപണങ്ങൾ നിഷേധിച്ചുകൊണ്ടും നിരപരാധിത്വം വിശദമാക്കിക്കൊണ്ടും **14.07.2016** തീയതി സമാധാനം ബോധിപ്പിക്കുകയുമുണ്ടായി. തുടർന്ന് തനിയ്ക്കെതിരെയുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയോഗിക്കപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ പ്രോജക്ട് ഓഫീസറുടെ

അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഇപ്രകാരമായിരുന്നു.

ii. അന്വേഷണവുമായി ബന്ധപ്പെട്ട് ശ്രീ. അഖിൽ വിജയൻ ഉൾപ്പെടെ അന്വേഷണത്തിൽ ഹാജരായ എല്ലാവരെയും വിശദമായി കേൾക്കുകയുണ്ടായി. അന്വേഷണ ദിവസത്തിന്റെ തലേന്നാണ് അന്വേഷണ അറിയിപ്പ് ചേർത്തല ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും ശ്രീ. അഖിൽ വിജയന് ലഭിച്ചതെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, അന്വേഷണ സമയത്ത് സമർപ്പിച്ചതിൽ കൂടുതൽ മൊഴികളോ,രേഖകളോ, സമർപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഒരാഴ്ചയ്ക്കുള്ളിൽ പൊതു വിദ്യാഭ്യാസ ഡയക്ടറേറ്റിൽ നൽകണമെന്ന് അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെയും ടിയാൾ അപ്രകാരമുള്ള യാതൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. അന്വേഷണ ദിവസം പറഞ്ഞതിൽ കൂടുതലൊന്നും ടിയാന് ബോധിപ്പിക്കുവാനില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. തനിക്കെതിരായ കേസുകൾ കെട്ടിച്ചമച്ചതാണെന്നും ഒരു രാഷ്ട്രീയ പാർട്ടിയുടെ അനുഭാവിയായ തന്നെ രാഷ്ട്രീയ വിരോധത്തിന്റെ പേരിലാണ് കേസുകളിൽ ഉൾപ്പെടുത്തുന്നതെന്നും ചേർത്തല സി.ഐയ്ക്ക് തന്നോടുള്ള വ്യക്തി വിരോധം മൂലമാണ് ഇത്തരം റിപ്പോർട്ട് നൽകുന്നതെന്നും ശ്രീ അഖിൽ വിജയൻ അറിയിക്കുന്നു. ടിയാനെതിരായ ക്രൈം കേസുകളിൽ ചിലത് തീർപ്പായതായും ഇപ്പോൾ നിലവിലുള്ള കേസുകളിൽ ഉടനെ തന്നെ കോടതിവിധിയുണ്ടാകുമെന്നും ടിയാൻ മൊഴി നൽകുകയുണ്ടായി. എന്നാൽ ടിയാന്റെ ഇത്തരത്തിലുള്ള ആരോപണങ്ങൾക്കും പരാതികൾക്കും ഉപോൽബലകമായ തെളിവുകളോ, സാക്ഷികളെയോ, അന്വേഷണ സമയത്ത് ഹാജരാക്കുന്നതിന് ടിയാന് സാധിച്ചിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട കൂടുതൽ അന്വേഷണത്തിന് വകുപ്പ് തലത്തിൽ സാധ്യമല്ലായെന്നും കാണുന്നു.

iii. ചേർത്തല പൂച്ചാക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ 2007 കാലഘട്ടം മുതൽ സാധാരണ ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് ഹാനികരമാകത്തക്കവിധം മറ്റ് സാമൂഹ്യവിരുദ്ധ കൂട്ടാളികളുമായി ചേർന്ന് നിരവധി അക്രമ പ്രവർത്തനങ്ങൾ നടത്തുന്നു. വീടുകയറി ആക്രമിക്കുക, ആളുകളെ ഭീഷണിപ്പെടുത്തുക തുടങ്ങിവയവുമായി ബന്ധപ്പെട്ട് ഐ.പി.സി. യിലെ വിവിധ വകുപ്പുകൾ പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു എന്നിവയാണ് ശ്രീ. അഖിൽ വിജയനെതിരെ ചാർജജ് ചെയ്തിട്ടുള്ള പ്രധാന കുറ്റങ്ങൾ. 08.08.2008-ലാണ് ടിയാൻ ആശ്രിതനിയമന വ്യവസ്ഥയിൽ സർക്കാർ സേവനത്തിൽ പ്രവേശിച്ചത്. എന്നാൽ നാളിതുവരെയും ടിയാൻ്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ, സർവ്വീസ് റഗുലറൈസ് ചെയ്യുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു. ഈ ഒരു കാരണം കൊണ്ട് തന്നെ ടിയാന് സേവനത്തിൽ തുടരുവാൻ അർഹതയില്ലാത്തതാണ്.

iv. ശ്രീ. അഖിൽ വിജയൻ പൊള്ളേത്തെ ഗവ. എച്ച്.എസ്.എസ്.-ൽ ക്ലർക്കായി

ജോലി ചെയ്ത് വരവെ, **2011** മാർച്ച് മാസത്തെ ശമ്പള ബില്ലിൽ പ്രഥമാധ്യാപകന്റെ രണ്ട് ഒപ്പുകൾ വ്യാജമായി ഇട്ട് ശമ്പളം മാറിയതുമായി ബന്ധപ്പെട്ട് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ **11.04.2011**-ൽ ടിയാനെ സസ്പെൻ്റ് ചെയ്തിരുന്നു. തുടർന്ന് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെൻ്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അച്ചടക്ക നടപടി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. പൂച്ചാക്കൽ പോലീസ് സ്റ്റേഷൻ ക്രൈം കേസ് രജിസ്റ്റർ ചെയ്തതിൻ്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ **20.07.2012**-ൽ ടിയാനെ വീണ്ടും വേലവിലക്ക് കല്പിച്ച് ഉത്തരവായിരുന്നു. ക്രിമിനൽ കേസിലെ വിചാരണ നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, തിരുവൻവണ്ടൂർ ഗവ.എച്ച്.എസ്.-ലേയ്ക്ക് നിയമിച്ച് കൊണ്ട് ടിയാൻ്റെ വേലവിലക്ക് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ പിൻവലിക്കുകയാണ്ടായി. ടിയാൻ ചേർത്തല തെക്ക് ഗവ. എച്ച്.എസ്-ൽ ജോലി ചെയ്ത വരുമ്പോൾ, ചേർത്തല പോലീസ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും **09.03.2017** തീയതിയായി ടിയാനെ മൂന്നാമതും സസ്പെൻ്റ് ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് കേവലം **8** വർഷങ്ങൾക്കുള്ളൽ ടിയാൻ **3** തവണ വകുപ്തല അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ട്. ഒരു സർക്കാർ ജീവനക്കാരനെ സംബന്ധിച്ചിടത്തോളം ഒട്ടും ഭൂഷണമല്ലാത്ത ഒരു സംഗതിയാണിത്.

v. ശ്രീ. അഖിൽ വിജയൻ ധാരാളം ക്രിമിനൽ കേസുകളിൽ പ്രതിയാണ് എന്ന വസ്തുത കണക്കിലെടുത്തും, ടിയാനെതിരെ നിരവധി തവണ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം പരിഗണിച്ചും **1960**-ലെ കേരള സർക്കാർ ജീവനക്കാരന്റെ പെരുമാറ്റ ചട്ട സംഹിതയ്ക്ക് വിരുദ്ധമായാണ് ടിയാൻ്റെ പ്രവർത്തനങ്ങൾ എന്നതിനാലും ശ്രീ.അഖിൽ വിജയിനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്."

vi. അന്വേഷണ റിപ്പോർട്ടിന്മേൽ വിശദീകരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടതിന് താൻ മറുപടി ബോധിപ്പിക്കുകയും തുടർന്ന് വിജിലൻസ് ഓഫീസറുടെ **16.03.2018** ലെ വി**4/14819/2016**/ഡി.പി.ഐ. നമ്പർ കാരണം കാണിക്കൽ നോട്ടീസിൻ പ്രകാരം തന്നെ സേവനത്തിൽ നിന്നും നീക്കം ചെയ്യാനുള്ള താൽക്കാലിക തീരുമാനത്തിനെതിരെ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ടി കാരണം കാണിക്കൽ നോട്ടീസിന് താൻ മറുപടി ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് **25.09.2018**-ലെ വി**4/14819/2016**/ഡി.പി.ഐ. നമ്പർ ഉത്തരവിൻ പ്രകാരം തന്നെ അച്ചടക്ക നടപടികൾ തുടർന്നുകൊണ്ടുതന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായി. പിന്നീട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം(1) ഉത്തരവിൻ പ്രകാരം തന്നെ സർവ്വീസിൽ നിന്നും

നീക്കം ചെയ്തുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

vii. തന്നെ ശിക്ഷിച്ചുകൊണ്ടുള്ള ഉത്തരവ് വസ്തുതകൾക്കും തെളിവിനും സ്വാഭാവിക നീതിയുടെ തത്വങ്ങൾക്കും എതിരാണ്. തനിയ്ക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊണ്ടതും സർവ്വീസിൽ നിന്നും നീക്കം ചെയ്തതും **1960**-ലെ കെ.സി.എസ്.(സിസി&എ) റൂൾസിലെ ചട്ടം **15**-ന് അനുസൃതമായിട്ടല്ല. തൻ്റെ പേരിൽ അച്ചടക്ക നടപടികൾ ആരംഭിച്ചതിനും അന്തിമ ഉത്തരവു പുറപ്പെടുവിക്കുന്നതിനുമിടിയ്ക്ക് കോടതി വിധിമൂലം അപ്രസക്തമായി തീർന്ന ചാർജ്ജിനാണ് തന്നെ ശിക്ഷിച്ചത്.

viii. തനിയ്ക്ക് നൽകിയ കുറ്റപത്രം തന്നെ ന്യൂനതകൾ നിറഞ്ഞതും നിലനിൽക്കാത്തതുമായ ഒന്നായിരുന്നു. കടുത്ത ശിക്ഷ നൽകാനുള്ള കുറ്റപത്രത്തിന്റെ മാതൃകയിലല്ല തനിയ്ക്കു നൽകിയ കുറ്റപത്രം തയ്യാറാക്കിയത്. തെളിവിൽ ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന രേഖകളുടെ ലിസ്റ്റോ, വിസ്തരിക്കാൻ ഉദ്ദേശിക്കുന്ന സാക്ഷികളുടെ ലിസ്റ്റോ കുറ്റപത്രത്തിലോ, ആരോപണ പത്രികയിലോ ചേർത്തിരുന്നില്ല. തനിയ്ക്കെതിരെയുള്ള ആരോപണങ്ങൾ തെളിയിക്കാൻ അച്ചടക്ക നടപടികളിൽ ആധാരമാക്കാൻ ഉദ്ദേശിക്കുന്ന തെളിവു രേഖകൾ വായിച്ചു നോക്കി പ്രസക്ത ഭാഗങ്ങൾ കുറിച്ചെടുക്കാനുള്ള അവസരം തനിയ്ക്ക് നൽകുകയോ, അവ വായിച്ചു നോക്കി പ്രസക്ത ഭാഗങ്ങൾ കുറിച്ചെടുക്കാവുന്നവയാണെന്ന് കുറ്റപത്രത്തിൽ സൂചിപ്പിക്കുക പോലുമോ ചെയ്യുകയുണ്ടായില്ല. തനിയ്ക്കെതിരെ ചേർത്തല പോലീസ് സർക്കിൾ ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് കാണാനുള്ള അവസരം പോലും തനിയ്ക്ക് നൽകുകയുണ്ടായില്ല. അപ്രകാരം റിപ്പോർട്ട് സമർപ്പിച്ച സർക്കിൾ ഇൻസ്പെക്ടറെ അന്വേഷണത്തിൽ സാക്ഷിയാക്കുകയോ, അദ്ദേഹത്തെ എതിർവിസ്താരം ചെയ്യാൻ തനിയ്ക്ക് ഒരു അവസരം നൽകുകയോ ചെയ്തില്ല.

ix. അന്വേഷണം സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾക്ക് അനുസൃതമായിട്ടല്ല നടത്തിയത്. ആരോപണ വിധേയനായ തന്നെ പ്രോസിക്യൂഷൻ സാക്ഷിയാക്കാൻ പാടില്ലായിരുന്നു. പ്രോസിക്യൂഷൻ വിസ്തരിക്കപ്പെട്ട സാക്ഷികളെ എതിർവിസ്താരം ചെയ്യുവാൻ തനിയ്ക്ക് അവസരം നൽകിയില്ല. അന്വേഷണ ഉദ്യോഗസ്ഥ **1960**-ലെ കെ.സി.എസ്.(സിസി&എ) റൂൾസിലെ **15(9)** വിഭാവനം ചെയ്യുന്ന തരത്തിലുള്ള വ്യക്തമായ കണ്ടെത്തലുകൾ രേഖപ്പെടുത്തുകയുണ്ടായില്ല. അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ടിൽ ആരോപണങ്ങളെക്കുറിച്ച് കണ്ടെത്തലുകൾ രേഖപ്പെടുത്തുകയല്ലാതെ റിപ്പോർട്ടിൻ്റെ അന്തിമ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള ശുപാർശകളൊന്നും നൽകാൻ പാടില്ലായിരുന്നു. ഇത്തരത്തിലുള്ള ഒരു റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് തന്നെ ശിക്ഷിച്ചത് ആയതിനാൽ തൻ്റെ ശിക്ഷ റദ്ദാക്കണം.

x. അന്വേഷണ ഉദ്യോഗസ്ഥ കുറ്റാരോപണ മെമ്മോയിലോ, ആരോപണ

പത്രികയിലോ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും, അതിന്റെയടിസ്ഥാനത്തിൽ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു എന്നതിനാൽ അന്വേഷണ ഉദ്യോഗസ്ഥയുടെ നിഗമനങ്ങൾ ദൂഷിതമാണ്. അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾക്കെതിരെ താൻ ബോധിപ്പിച്ച കാര്യങ്ങൾ സാധുവായ യാതൊരു കാരണങ്ങളും പറയാതെ തിരസ്കരിച്ചുകൊണ്ട് തികച്ചും യാന്ത്രികമായിട്ടാണ് ശിക്ഷയെക്കുറിച്ച് താൽക്കാലിക തീരുമാനം കൈക്കൊണ്ട് കാരണം നോട്ടീസ് നൽ കിയതും. താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനെതിരെ താൻ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ പരിഗണിക്കുകപോലും ചെയ്യാതെയാണ് തന്നെ ശിക്ഷിച്ചത്.

xi. നേർക്കാഴ്ചയിൽ തന്നെ കേട്ടതും തനിക്കു സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് നൽകാൻ നിർദ്ദേശിച്ചതും അഡീഷണൽ ഡയറക്ടർ (ജനറൽ) ആൻഡ് വിജിലൻസ് ഓഫീസർ ശ്രീമതി.ജെസ്സി ജോസഫ് തന്നെയാണ്. ടിയാൾക്ക് ആയതിന് അധികാരമില്ലായിരുന്നു. തന്റെ ശിക്ഷണാധികാരിയായ **DGE** യാണ് ശിക്ഷിച്ചുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചത്. ശിക്ഷയെക്കുറിച്ചുള്ള താൽക്കാലിക തീരുമാനം അദ്ദേഹംസ്വതന്ത്രമായി കൈക്കൊള്ളേണ്ടിയിരുന്നതും തനിക്ക് ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ കേട്ടശേഷം ശിക്ഷയെക്കുറിച്ച് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടിയിരുന്നതും. ശിക്ഷണാധികാരിയല്ലാത്ത ഒരാൾ നേർക്കാഴ്ചയിൽ തന്നെ കേൾക്കുകയും, ശിക്ഷയെക്കുറിച്ചു ശുപാർശ നൽകുകയും അതനുസരിച്ചു തികച്ചും യാന്ത്രികമായി ശിക്ഷണാധികാരി തന്നെ നേരിൽ കേൾക്കാതെ ശിക്ഷിക്കുകയുമാണുണ്ടായത്. ഇതു സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾക്കെതിരാണ്.എന്നതിനാൽ തന്നെ ശിക്ഷിച്ചുകൊണ്ടുള്ള ഉത്തരവു നിലനിൽക്കുന്നതല്ല.

xii. നാളിതുവരെ യാതൊരു ക്രിമിനൽ കേസിലും താൻ ശിക്ഷിക്കപ്പെട്ടിട്ടില്ല. തനിക്കെതിരെ ചാർജ് ചെയ്യപ്പെട്ട കേസുകളെല്ലാം കള്ളക്കേസുകളായിരുന്നു. താൻ ഒറ്റയ്ക്ക് പ്രതിയായി ഒരു ക്രിമിനൽ കേസും ചാർജ്ജ് ചെയ്യപ്പെട്ടിരുന്നില്ല. മറ്റു ധാരാളം പ്രതികൾ ഉള്ള കേസുകളിൽ തൻ്റെ പേരും കൂടി തന്നോടുള്ള രാഷ്ട്രീയ വിരോധം മൂലവും തന്നോടു ചില പോലീസുദ്യോഗസ്ഥരുടെ വിരോധം മൂലവും ചേർക്കുകയാണുണ്ടായത്. കുറ്റപത്രത്തിനാധാരമായി പറഞ്ഞിട്ടുള്ള ചേർത്തല പോലീസ് സ്റ്റേഷൻ ക്രൈം **469/2016** നമ്പർ കേസിൽ താൻ നിരപരാധിയാണെന്നു കണ്ട് ബഹു. കോടതി തന്നെ വെറുതെ വിട്ടിട്ടുള്ളതാണ്.

xiii. **09.03.2016**-ലെ ഉത്തരവിൻ പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട തനിക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന് താൻ മറുപടി ബോധിപ്പിക്കുകയും ചെയ്തശേഷം **16/03/2018** ൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താൽക്കാലിക

തീരുമാനത്തിനെതിരെ കാരണം കാണിക്കുവാൻ ആവശ്യപ്പെടുകയും അതിന് താൻ **26.04.2018**-ൽ മറുപടി ബോധിപ്പിക്കുകയും ചെയ്തതിനുശേഷമാണ് **29.05.2018** ലെ ഉത്തരവിൻപ്രകാരം തൻ്റെ സസ്പെൻഷൻ റദ്ദാക്കി തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്. അപ്രകാരം താൻ **2** വർഷത്തിലധികം സർവ്വീസിൽ തുടർന്നതിനുശേഷമാണ് പെട്ടെന്ന് **10.10.2024** ലെ ഉത്തരവിൻ പ്രകാരം തന്നെ സർവ്വീസിൽ നിന്നും പുറത്താക്കിയത്. ടി ഉത്തരവ് വായിച്ചാൽ അത് ശിക്ഷണാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സ്വതന്ത്ര തീരുമാനമല്ല **05.01.2024**-ലെ യു**1/427/2023**/പൊവിവ നമ്പർ സർക്കാർ കത്തിനെ തുടർന്നാണ് എന്ന് വ്യക്തമാണ്. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ ബോധിപ്പിച്ച കാര്യങ്ങൾ പരിഗണിച്ച് ശിക്ഷണാധികാരി സ്വതന്ത്രമായി തീരുമാനമെടുക്കുന്നതിനു പകരം താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമാണ് കൈക്കൊണ്ടത്.

xiv. തന്നെ ശിക്ഷിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ നിന്നുതന്നെ നിരവധി ക്രിമിനൽ കേസുകളിൽ ഇപ്പോഴും ഉൾപ്പെട്ടിട്ടുള്ളതായി **05.01.2024**-ലെ യു**1/427/2023**/പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലും, തനിയ്ക്കെതിരെ ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ **760/23** നമ്പർ കേസിൽ നടപടി തുടരുകയാണെന്ന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ **02.02.2024**-ലെ **DDEALP/294/2024-A3** നമ്പർ കത്തിൻപ്രകാരം ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും നാളിതുവരെ തൻ്റെ നിരീക്ഷണ കാലയളവ് തൃപ്തികരമായി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലുമാണ് തന്നെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് അച്ചടക്കനടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത് എന്നു വ്യക്തമാണ്.

xv. താൻ നിരവധി ക്രിമിനൽ കേസുകളിൽ ഇപ്പോഴും ഉൾപ്പെട്ടിട്ടുള്ളതായി പരാതി ലഭിച്ചതിൻ്റെ അടിസ്ഥാനത്തിലുമാണ് തന്നെ ശിക്ഷിച്ചിരിക്കുന്നത്. എന്നാൽ ആ പ്രസ്താവന വാസ്തവവിരുദ്ധമാണ്. മേൽ പരാതി തനിയ്ക്ക് നൽകുകയോ അതിനെക്കുറിച്ച് പറയാനുള്ള കാര്യങ്ങൾ പറയാൻ അവസരം നൽകുകയോ ചെയ്യുകയുണ്ടായില്ല. ചേർത്തല പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ **760/2023** അല്ലാതെ മറ്റൊരു കേസും നിലവിലില്ല. ക്രൈം നമ്പർ നമ്പർ **760/2023** കള്ളക്കേസാണ്. നിലവിലുള്ള ഒരു കേസ് ഒഴികെ ബാക്കി എല്ലാ കേസുകളിലും വിചാരണ കഴിഞ്ഞ് എന്നെ വെറുതെ വിട്ടിട്ടുള്ളതാണ്.

xvi. താൻ കള്ളക്കേസുകളിൽ പ്രതിയാക്കപ്പെട്ടു എന്നതിന്റെ അടിസ്ഥാനത്തിലാണ് തനിയ്ക്കെതിരെ അച്ചടക്കനടപടി കൈക്കൊണ്ടത്. ആരോപിച്ചിരുന്ന കുറ്റകൃത്യങ്ങൾ താൻ ചെയ്തതായി കോടതി മുമ്പാകെയോ അന്വേഷണ വേളയിലോ തെളിയിക്കപ്പെട്ടിട്ടില്ല. നിലവിൽ ഒരു കള്ളക്കേസ് ഉണ്ട് എന്നതും ശിക്ഷിക്കാൻ തക്ക കാരണമല്ല. എന്നു മാത്രമല്ല, ടി

കേസിൻ്റെ അടിസ്ഥാനത്തിലല്ല അച്ചടക്കനടപടി കൈക്കൊണ്ടത് എന്നതു കൊണ്ടും തന്നെ ശിക്ഷിച്ച ഉത്തരവ് നിയമവിരുദ്ധമാണ്. ആരോപണങ്ങളുമായി ബന്ധിപ്പിക്കുന്ന നിയമപരമായ യാതൊരു തെളിവുകളും ഇല്ലാതെയാണ് തന്നെ ശിക്ഷിച്ചത്.

xvii. തന്റെ പേരിൽ കള്ളക്കേസുകൾ വന്നതുകൊണ്ടും അച്ചടക്ക നടപടികൾ നിലവിൽ ഉണ്ടായിരുന്നതുകൊണ്ടുമാണ് എം.ഒ.പി. ടെസ്റ്റ് പാസ്സായിട്ടും തന്റെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപനം നടത്താതിരുന്നത്. പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയിട്ടില്ലായെന്നത് തന്നെ ശിക്ഷിക്കാൻ മതിയായ കാരണമായിരുന്നില്ല. പ്രൊബേഷൻ അവസാനിപ്പിക്കുവാനുള്ള പ്രസക്ത ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ തനിക്കെതിരെ കൈക്കൊണ്ടിട്ടുമില്ല.

xviii. ഉദ്യോഗമില്ലാതായതോടെ താനും കുടുംബവും കടുത്ത ദാരിദ്ര്യത്തിലാണ്. ഭാര്യയ്ക്കു പറയത്തക്ക ജോലിയൊന്നുമില്ല. **8** വയസുള്ള ഒരു കുഞ്ഞും, **70** വയസ്സിനടുത്തു പ്രായമായ രോഗിയായ പിതാവും കൂടി അടങ്ങുന്ന തൻ്റെ കുടുംബത്തിൻ്റെ ആശ്രയം തന്റെ ശമ്പളം മാത്രമായിരുന്നു. **36** വയസ്സു പ്രായമായ എനിക്കിനി മറ്റൊരു ജോലി സമ്പാദിക്കുക എളുപ്പമല്ല. തൻ്റെ മുൻകാല സർവ്വീസ് ചരിത്രം പരിശോധിച്ചാലും ഒരു പട്ടികജാതിക്കാരനായ താൻ ഇത്ര കഠിനമായ ശിക്ഷ അർഹിക്കുന്നില്ലെന്നു ബോദ്ധ്യമാകുന്നതാണ്. ആകയാൽ അപ്പീൽ അനുവദിച്ച് തൻ്റെ ശിക്ഷ റദ്ദാക്കി എത്രയും വേഗം എല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങളോടുംകൂടി തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

## 3. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അഭിപ്രായം

i. ക്രിമിനൽ കേസിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ എന്ന ചേർത്തല പോലീസ് സബ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ അരീപ്പറമ്പ് ഗവ. എച്ച്.എസ്.എസിലെ ക്ലർക്ക് ആയിരുന്ന ശ്രീ. അഖിൽ വിജയിനെ **09.03.2016** ലെ വി4/**14819/2016**/ഡിപിഐ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി വേലവിലക്ക് കല്പിച്ച് ഉത്തരവായിരുന്നു. ടിയാനെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള ചാർജ്ജ് മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടിയാന്റെ വേലവിലക്ക് കാലയളവ് **09.09.2016**ൽ **6** മാസം പൂർത്തീകരിച്ചതിനാൽ ടി ദിവസം മുതൽ **6** മാസത്തേക്കു കൂടി ദീർഘിപ്പിച്ച് **21.11.2016** ൽ വി4/**14819/2016**/ഡിപിഐ പ്രകാരം ഉത്തരവായിരുന്നു. ടി വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു.

ii. ടിയാനെതിരായ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ വേലവിലക്ക് കാലയളവ് **09/03/2017**

മുതൽ **6** മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് **03.06.2017** ലെ വി**4/14819/2016**/ഡിപിഐ നമ്പർ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി വിഷയത്തിൽ ചാർജ്ജ് മെമ്മോ, ആരോപണ പത്രിക എന്നിവ നൽകുകയും ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ **1960**-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം **15** പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സമഗ്രമായ വകുപ്പുതല അന്വേഷണം നടത്തുകയും ചെയ്തിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന്മേൽ പ്രതിവാദപത്രിക ടിയാൻ സമർപ്പിക്കുകയും ചെയ്തിരുന്നു. ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിലെ വിശദീകരണവും അപേക്ഷയും പരിഗണിച്ച് ടിയാനെതിരെ അച്ചടക്കനടപടി തുടർന്നുകൊണ്ടു തന്നെ **29.05.2018** ലെ വി**4/14819/2016**/ഡിപിഐ നം. ഉത്തരവ് പ്രകാരം സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് പുനർനിയമനം നൽകുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

iii. ഇതിനിടയിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക് ആയി ജോലി ചെയ്തിരുന്ന ശ്രീ. അഖിൽ വിജയിനെതിരെ ചേർത്തല പൂച്ചാക്കൽ, കുത്തിയതോട് പോലീസ് സ്റ്റേഷനുകളിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ആയതിൽ റിപ്പോർട്ട് സമർപ്പിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം കുത്തിയതോട് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ കുത്തിയതോട് സ്റ്റേഷനിൽ ശ്രീ. അഖിൽ വിജയിനെതിരെ യാതൊരുവിധ കേസുകളും രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് അറിയിച്ചിരുന്നു. ശ്രീ. അഖിൽ വിജയ് എന്നയാൾ പ്രതിയായി ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്രൈം നമ്പർ **469/2016** കേസ് ബഹു. ചേർത്തല ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണയിലിരിക്കെ **02.03.2020** ൽ **CRPC 248(1)** വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയ വിവരം ചേർത്തല പോലീസ് സ്റ്റേഷനിൽ നിന്നും അറിയിച്ചിരുന്നു. ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന **760/23** കേസിൽ നടപടി തുടരുകയാണെന്നും, മറ്റ് കേസുകളിൽ ടിയാനെ കുറ്റവിമുക്തനാക്കിയതായി അറിയിച്ചിരുന്നു.

iv. തുടർന്ന് നിരവധി ക്രിമിനൽ കേസിൽ ഉൾപ്പെട്ടതിനാലും, ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന **760/23** നം. കേസിൽ നടപടികൾ തുടരുന്നതിനാലും, ടിയാന്റെ നിരീക്ഷണ കാലയളവ് തൃപ്തികരമായി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും, പരാമർശം**(1)** പ്രകാരം ആലപ്പുഴ ജില്ലയിലെ ആര്യാട് ഗവ. വി.എച്ച്.എസ്.എസിൽ ക്ലാർക്ക് ആയി ജോലി നോക്കിയിരുന്ന അഖിൽ വിജയിനെ **1960**-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം **11(1)(vii)** പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടി പൂർത്തീകരിച്ച്

പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## 4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം

i. ഈ വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ട് ചാർജ്ജ് മെമ്മോയും, കുറ്റാരോപണ പത്രികയും കുറ്റാരോപിതന് നൽകിയിട്ടുള്ളതും, ടിയാൻ്റെ മറുപടി പരിശോധിച്ച് ഈ വിഷയത്തിൽ ഔപചാരിക അന്വേഷണ വിചാരണ നടത്തിയിട്ടുള്ളതും പ്രസ്തുത അന്വേഷണ റിപ്പോർട്ട് കുറ്റാരോപിതന് നൽകിയിട്ടുള്ളതും, ആയതിനെ തുടർന്ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിനുള്ള മറുപടി വാങ്ങുകയും ചെയ്തുകൊണ്ട് നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ട് തന്നെയാണ് ശ്രീ. അഖിൽ വിജയനെതിരെ ഈ കാര്യാലയത്തിൽ ആരംഭിച്ച അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടുള്ളത്.

ii. കുറ്റാരോപിതൻ നിരവധി പോലീസ് കേസുകളിൽ പ്രതിയായി എന്നതു വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം ലംഘിച്ചതിനാണ് അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥൻ ശിക്ഷിക്കപ്പെട്ടു എന്നതിൻ്റെ അടിസ്ഥാനത്തിൽ അല്ല നടപടി സ്വീകരിച്ചിരിക്കുന്നത്. മറിച്ച് ഒരു സർക്കാർ ഉദ്യോഗസ്ഥൻ്റെ പേരിൽ നിരവധി ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിരിക്കുന്നത്.കുറ്റാരോപിതന്റെ അച്ചടക്ക അധികാരി സ്വീകരിക്കുന്ന നടപടി ക്രമങ്ങളിൽ പോലീസ് ഉദ്യോഗസ്ഥനെ സാക്ഷിയായി വിസ്തരിക്കണോ വേണ്ടയോ എന്നത് അച്ചടക്ക അധികാരിയുടെ വിവേചന അധികാരം ആണ്. ഈ വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പിന് പുറത്തുള്ള ഉദ്യോഗസ്ഥനായ പോലീസ് ഓഫീസറെ റിപ്പോർട്ട് നൽകി എന്നതിന്റെ അടിസ്ഥാനത്തിൽ സാക്ഷിയായി വിസ്തരിക്കണോ വേണ്ടയോ എന്നതിനെപ്പറ്റി തീരുമാനം എടുക്കേണ്ടത് അച്ചടക്ക അധികാരി ആണ്. മാത്രമല്ല ഒരു പോലീസ് ഉദ്യോഗസ്ഥനെ സാക്ഷിയായി വിസ്തരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് പരിമിതിയുമുണ്ട്. ഈ വിഷയത്തിൽ ചാർജ്ജ് മെമ്മോയ്ക്കുള്ള മറുപടി പറയുമ്പോഴോ ഔപചാരിക അന്വേഷണ വിചാരണകളിലോ ഈ ആവശ്യം കുറ്റാരോപിതൻ മുന്നോട്ടു വെച്ചിട്ടില്ല. ആയതിനാൽ ശിക്ഷ വിധിച്ചതിനു ശേഷം ഇക്കാര്യത്തിൽ ആക്ഷേപം ഉന്നയിക്കുന്നത് അപ്രസക്തമായ വിഷയമാണ്.

iii. ഔപചാരിക അന്വേഷണ വിചാരണയിൽ ബോധ്യപ്പെട്ടിട്ടുള്ള വിഷയങ്ങളാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആയതിനെ സംബന്ധിച്ച അപ്പീൽവാദിയുടെ വാദങ്ങൾ അടിസ്ഥാനരഹിതമാണ്. അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾക്കെതിരെ അപ്പീൽവാദി ബോധിപ്പിച്ച കാര്യങ്ങൾ തമസ്ക്കരിച്ചു എന്ന ആരോപണം പൂർണ്ണമായും വസ്തുതാ

വിരുദ്ധമാണ്. അന്വേഷണ വിചാരണ വേളയിലുടനീളം ചാർജ്ജ് മെമ്മോയ്ക്കോ, ഔപചാരിക അന്വേഷണ വിചാരണയിലോ, കാരണം കാണിക്കൽ നോട്ടീസിനോ കുറ്റാരോപിതൻ യാതൊരു വസ്തുനിഷ്ഠമായ മറുപടിയും ബോധിപ്പിക്കുകയോ ടിയാന്റെ വാദങ്ങൾ സാധൂകരിക്കുന്ന എന്തെങ്കിലും തെളിവുകൾ ഹാജരാക്കുകയോ, കുറ്റം നിഷേധിക്കാൻ പര്യാപ്തമായ എന്തെങ്കിലും രേഖകളോ സാക്ഷി മൊഴികളോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്നതിനാൽ ശിക്ഷാവിധിക്ക് ശേഷം ഇത്തരം വാദങ്ങൾ ഉന്നയിക്കുന്നത് തികച്ചും നിരർത്ഥകവും ആയത് നിരസിക്കാവുന്നതുമാണ്.

iv. ശിക്ഷണാധികാരിയുടെ അധികാരത്തെ സംബന്ധിച്ച അപ്പീൽ വാദിയുടെ വാദങ്ങൾ വസ്തുതാ വിരുദ്ധമാണ്. നാളിതുവരെയുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ "**Delegation of powers**" ഉത്തരവുകൾ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അച്ചടക്ക നടപടികൾ സംബന്ധിച്ച് വിവിധ അച്ചടക്ക അധികാരികൾ സ്വീകരിക്കുന്ന നടപടിയുടെ അപ്പീൽ അധികാരിയാണ്. ആയത് മനസ്സിലാക്കാതെയാണ് ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന അപ്പീൽവാദി തന്റെ ശിക്ഷണാധികാരി **DGE** ആണ് എന്ന് വ്യാഖ്യാനിച്ചിരിക്കുന്നത്. ആയത് പൂർണ്ണമായും വസ്തുതാ വിരുദ്ധമായ വ്യാഖ്യാനമാണ്.

v. അപ്പീൽവാദി നാളിതുവരെ യാതൊരു ക്രിമിനൽ കേസിലും ശിക്ഷിക്കപ്പെട്ടിട്ടില്ല എന്നതിനാൽ നിരപരാധി ആണെന്ന വാദം തികച്ചും തെറ്റാണ്. വകുപ്പുതല അച്ചടക്കനടപടി സംബന്ധിച്ച് ഉന്നയിച്ചിരിക്കുന്ന കുറ്റാരോപണങ്ങളിൽ അപ്പീൽവാദി കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാലാണ് കുറ്റം ചുമത്തിയിരിക്കുന്നത്. **12** ക്രിമിനൽ കേസുകളിൽ പ്രതിയായി എന്നത് ഒരു സർക്കാർ ജീവനക്കാരനെ സംബന്ധിച്ചിടത്തോളം ഒട്ടും ആശാസ്യമായ സ്ഥിതിയല്ല.

vi. അപേക്ഷകൻ നാളിതുവരെയും തൻ്റെ സർവ്വീസ് ക്രമവൽക്കരിക്കുന്നതിന് വേണ്ടിയുള്ള "**Police Verification**" നടപടികൾ പൂർത്തീകരിക്കുകയോ, സർവ്വീസ് ക്രമപ്പെടുത്തുന്നതിനു വേണ്ടിയുള്ള രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല എന്നതിനാൽ ടിയാൻ ഇപ്പോഴും സ്ഥിരം മെമ്പർ എന്ന ഗണത്തിൽ ഉൾപ്പെട്ടിട്ടില്ല. "**Service Regularization**" നടത്തിയിട്ടില്ലാത്തതിനാൽ അപ്പീൽ വാദിയുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നത് സംബന്ധിച്ചുള്ള കാലതാമസം സംബന്ധിച്ച വാദങ്ങൾ പ്രസക്തമല്ല .

vii. ടി വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കൃത്യമായ ചട്ടപ്രകാരമുള്ള നടപടികൾ ആണ് ഉണ്ടായിട്ടുള്ളതും, ഈ വിഷയത്തിൽ ചട്ടങ്ങൾ അനുശാസിക്കും വിധമുള്ള വകുപ്പുതല അച്ചടക്ക നടപടികൾ തന്നെയാണ് കൈക്കൊണ്ടിട്ടുള്ളത്. സർക്കാർ സേവനത്തിൽ പ്രവേശിച്ചിട്ട് നാളിതുവരെ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം **1960**-ലെ **KCS(CC&A)** ചട്ടങ്ങൾ

അനുശാസിക്കും വിധമുള്ള നടപടി ക്രമങ്ങൾ തന്നെ യഥാവിധി പൂർത്തീകരിക്കണം എന്ന നിബന്ധന നിലവിൽ ഇല്ല. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം യഥാസമയം നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥനെ കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാനെ നേരിൽ കേട്ട് മറുപടികൾ തൃപ്തികരമല്ലാത്ത പക്ഷം സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാരൻ പൊതുസമൂഹത്തിന് മാതൃകയായി പ്രവർത്തിക്കാൻ ബാധ്യസ്ഥനാണ് എന്നിരിക്കെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാകുകയും നിരവധി സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന അപ്പീൽവാദി യാതൊരു കാരണവശാലും സർവ്വീസിൽ തുടരാൻ അനുവദിക്കാവുന്നതല്ല എന്നതിനാലാണ് അച്ചടക്കാധികാരി ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്തിരിക്കുന്നത്.

viii. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ആര്യാട് ഗവ. വി.എച്ച്.എസ്.എസ്-ൽ ക്ലർക്ക് ആയിരുന്ന ശ്രീ. അഖിൽ വിജയ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണ്.

5. സർക്കാർ ഈ വിഷയം ശ്രീ. അഖിൽ വിജയിന്റെ വാദഗതികൾ, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ അഭിപ്രായം, നിലവിലുള്ള ചട്ടങ്ങൾ, ലഭ്യമായ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

6. 08.08.2008ൽ ആശ്രിതനിയമന വ്യവസ്ഥയിൽ സർക്കാർ സേവനത്തിൽ പ്രവേശിച്ച ശ്രീ.അഖിൽ വിജയിന്റെ പ്രൊബേഷൻ നാളിതുവരെയും ഡിക്ലയർ ചെയ്യുകയോ, സർവ്വീസ് റഗുലറൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. അപേക്ഷകൻ നാളിതുവരെയും തൻ്റെ സർവ്വീസ് ക്രമവത്ക്കരിക്കുന്നതിന് വേണ്ടിയുള്ള "Police Verification" നടപടികൾ പൂർത്തീകരിക്കുകയോ, സർവ്വീസ് ക്രമപ്പെടുത്തുന്നതിനു വേണ്ടിയുള്ള രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല എന്നതിനാൽ ടിയാൻ ഇപ്പോഴും സ്ഥിരം മെമ്പർ എന്ന ഗണത്തിൽ ഉൾപ്പെട്ടിട്ടില്ല. "Service Regularization" നടത്തിയിട്ടില്ലാത്തതിനാൽ ടിയാന്റെ പ്രൊബേഷൻ പൂർത്തീകരിക്കുന്നത് സംബന്ധിച്ചുള്ള കാലതാമസം സംബന്ധിച്ച വാദങ്ങൾ പ്രസക്തമല്ല. MOP പാസായിട്ടുണ്ടെങ്കിലും "Service Regularization കഴിഞ്ഞാൽ മാത്രമേ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിന് സാധിക്കൂ.

7. ശ്രീ അഖിൽ വിജയ് തന്റെ സേവന കാലയളവിൽ മൂന്ന് തവണ വേലവിലക്കിന് വിധേയനായിട്ടുണ്ട്. ഇതിൽ ആദ്യത്തെ തവണ ടിയാനെ വേലവിലക്കിയത് പൊള്ളേത്തെ ഗവ. എച്ച്.എസ്.എസ്.-ൽ ക്ലർക്കായി ജോലി ചെയ്ത വരവെ, 2011 മാർച്ച് മാസത്തെ ശമ്പള ബില്ലിൽ പ്രഥമാധ്യാപകന്റെ രണ്ട് ഒപ്പുകൾ വ്യാജമായി ഇട്ട് ശമ്പളം മാറിയതുമായി ബന്ധപ്പെട്ടാണ്. ഈ വിഷയത്തിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെൻ്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ പൂർത്തീകരിച്ചിരുന്നു.

**8.** പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്തതിന്റെയും ചേർത്തല പോലീസ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ടിയാനെതിരായ രണ്ടും മൂന്നും സസ്പെൻഷനുകൾ. ആയത് പരിശോധിക്കുമ്പോൾ സർവീസിനകത്തും പുറത്തും ടിയാൻ ഒരു പോലെ പ്രശ്നക്കാരനാണെന്ന് കാണുന്നു.

**9.** പൊതു വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് കേവലം **8** വർഷങ്ങൾക്കുള്ളിൽ ടിയാൻ **3** തവണ വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് വിധേയനായിട്ടുണ്ട്. ഒരു സർക്കാർ ജീവനക്കാരനെ സംബന്ധിച്ചിടത്തോളം ഒട്ടും ഭൂഷണമല്ലാത്ത ഒരു സംഗതിയാണിത്. കൂടാതെ ടിയാൻ പന്ത്രണ്ടോളം ക്രിമിനൽ കേസുകളിൽ പ്രതിചേർക്കപ്പെട്ടിരുന്നു എന്നതും ഗൗരവമായി പരിഗണിക്കേണ്ടതാണ്. ആയത് **1960**-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനമാണ്.

**10.** സർക്കാർ സേവനത്തിൽ പ്രവേശിച്ചിട്ട് നാളിതുവരെ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത ഒരു ഉദ്യോഗസ്ഥനെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാനെ നേരിൽ കേട്ട് മറുപടികൾ തൃപ്തികരമല്ലാത്ത പക്ഷം സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**11.** പൊതു വിദ്യാഭ്യാസ വകുപ്പിൽ, സ്റ്റേറ്റ് സർവ്വീസിലെ ജീവനക്കാരുടെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ലഘു ശിക്ഷ ചുമത്തുന്നതിനുള്ള അധികാരവും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാരുടെ അച്ചടക്ക അധികാരി എന്ന നിലയിലുള്ള അധികാരവും, പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (ജനറൽ)-ൽ ആണ് നിക്ഷിപ്തമായിരുന്നത്. ആയതിനാൽ അഡീഷണൽ ഡയറക്ടർ (ജനറൽ) ആൻഡ് വിജിലൻസ് ഓഫീസർ ടിയാനെ നേരിൽ കേട്ടതിലും ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകാൻ നിർദ്ദേശിച്ചതിലും അപാകതയില്ല.

**12.** മേൽ സാഹചര്യത്തിൽ ആലപ്പുഴ ആര്യാട് ഗവ:വി.എച്ച്.എസ്.എസ് ലെ മുൻ ക്ലർക്ക് ശ്രീ അഖിൽ വിജയിനെ പരാമർശം(**1**) പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ശരി വെച്ചും അപ്രകാരം ടിയാന്റെ പരാമർശം(**2**) അപ്പീൽ അപേക്ഷ നിരസിച്ചും ഉത്തരവാകുന്നു.

**13.** ഇപ്രകാരം പരാമർശം(**3**)-ലെ വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANITHA RAJ V**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ

ശ്രീ.അഖിൽ വിജയ്, മുൻ ക്ലർക്ക്(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 02-06-2026 11:10:56
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്